**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2338** **14-10-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഫ്ലാറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ നഗരസഭയിലെ കോറോത്തിലെ ലൈഫ് മിഷന് കീഴിൽ വരുന്ന ഫ്ലാറ്റ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | ഫ്ളാറ്റ് നിർമ്മാണത്തിന്റെ ഫൗണ്ടേഷൻ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. പയ്യന്നൂർ ലൈഫ് ഭവനസമുച്ചയ നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള M/s Mitsumi എന്ന ഏജൻസി കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ട് പ്രവർ ത്തികൾ നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | നിർമ്മാണ പ്രവൃത്തി നടക്കാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്<br><br>എഗ്രിമെന്റ് പ്രകാരം നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് എപ്പോൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ഭവന സമുച്ചയത്തിന്റെ നിർമ്മാണ കരാർ ഏററെടുത്തിട്ടുള്ള കരാറുകാരുടെ തുക വർദ്ധനവ് എന്ന ആവശ്യം പരിശോധിച്ച സാങ്കേതിക സമിതിയുടെ ശുപാർശ സർക്കാർ പരിഗണനയിലാണ്. ആയതിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ